വർക്ക് ഷോപ്പ് ആരംഭിക്കണമെന്ന് തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പാറശ്ശാല ഇടിച്ചക്കപ്ലാമൂട്ടിൽ 8 ഏക്കർ 50 സെന്റ് സ്ഥലം എട്ടരലക്ഷം രൂപയ്ക്ക് പൊന്നുംവിലയ്ക്ക് എടുത്തു. റീജിയണൽ വർക്ക് ഷോപ്പിന്റെ പണിയും ആരംഭിച്ചു. എന്നാൽ അതിനുശേഷം വന്ന ഗവൺമെന്റുകൾ പണി തുടരാതെ നിറുത്തിവച്ചു. പ്രസ്തുത സ്ഥലം ഇന്ന് സാമൂഹ്യവിരുദ്ധരുടെ കേളീരംഗമായി മാറിയിരിക്കുകയാണ്. ബസ്സുകളുടെ അറ്റകുറ്റപ്പണി യഥാസമയം പൂർത്തിയാകാത്തതുകാരണം നിറുത്തലാക്കുന്ന സർവ്വീസുകൾ അനവധിയാണ്. അതുകാരണം തെക്കൻ മേഖലയിലെ യാത്രാക്ലേശം രൂക്ഷമായിരിക്കുന്നു. പാപ്പനംകോട് സെൻട്രൽ വർക്ക് ഷോപ്പിന്റെ സ്ഥലത്ത് എഞ്ചിനീയറിംഗ് കോളേജ് തുടങ്ങിയതുകൊണ്ട് റീജിയണൽ വർക്ക് ഷോപ്പിന്റെ പണി നടത്താൻ നിവൃത്തിയില്ല. പാറശ്ശാലയിൽ പണി നിറുത്തിവച്ച റീജിയണൽ വർക്ക് ഷാപ്പിന്റെ പണി അടിയന്തിരമായി ആരംഭിക്കണമെന്നും അതിനോടൊപ്പംതന്നെ അവിടെ ഒരു ബോഡി ബിൽഡിംഗ് യൂണിറ്റും ഒരു പ്രിന്റിംഗ് പ്രസ്സും ആരംഭിക്കണമെന്നും ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രിയോട് ആവശ്യപ്പെടുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, 1984-ൽ ബഹുമാനപ്പെട്ട അംഗം ഗതാഗതവകുപ്പുമന്ത്രിയായിരുന്ന സന്ദർഭത്തിൽ റീജിയണൽ വർക്ക്ഷാപ്പ് ആരംഭിക്കാൻ തീരുമാനിക്കുകയും സ്ഥലം എടുക്കുകയും ചെയ്തുവെന്നുള്ളത് ഒരു വസ്തുതയാണ്. അതിന്റെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതാണ്. എന്നാൽ ബഹുമാനപ്പെട്ട അംഗം തന്നെ ആ മന്ത്രിസഭയിൽ മറ്റൊരു വകുപ്പിലേയ്ക്ക് മാറിയപ്പോൾ ആ പണികൾ നിലച്ചുപോവുകയാണ് ചെയ്തത്. അതുകഴിഞ്ഞ് ആരും ഇതിനെക്കുറിച്ച് ശ്രദ്ധിച്ചില്ല. ആ ഗവൺമെന്റിന്റെ കാലത്തുതന്നെ അത് പിന്നീട് ആരും കൈകാര്യം ചെയ്തില്ല. ഏതായാലും ഇപ്പോൾ അതിനെ സംബന്ധിച്ച് പരിശോധിച്ചുവരികയാണ്. കെ.എസ്.ആർ.ടി.സി.ക്ക് അങ്ങേയ്ക്കറിയാവുന്നതുപോലെ കുറച്ച് സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. അപ്പോൾ ഒരു പുതിയ പദ്ധതി എങ്ങനെ ഏറ്റെടുക്കാൻ കഴിയും, അതിന് എന്തുമാത്രം തുക മാറ്റിവയ്ക്കാൻ കഴിയുമെന്നൊക്കെയുള്ള കാര്യങ്ങളുണ്ട്. ഏതാണ്ട് ഒരു കോടി രൂപയെങ്കിലും ഇല്ലാതെ റീജിയണൽ വർക്ക്ഷോപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അതിന് കെ.എസ്.ആർ.ടി.സി.ക്ക് എന്തുമാത്രം തുക ചെലവഴിക്കാൻ കഴിയും അല്ലാതെ ത്രിതല പഞ്ചായത്ത് സംവിധാനത്തിലൂടെയും മറ്റും എത്ര കാശ് സ്വരൂപിക്കാൻ കഴിയും എന്നൊക്കെയുള്ള പല പ്രശ്നങ്ങളുമുണ്ട്. ഈ പ്രശ്നങ്ങൾ ഒരു തുറന്ന മനോഭാവത്തോടുകൂടി പരിശോധിക്കുന്നതാണ്.

സർ, പിന്നെ ബഹുമാനപ്പെട്ട അംഗം സന്ദർഭവശാൽ സൂചിപ്പിച്ചത്, എഞ്ചിനീയറിംഗ് കോളേജ് തുടങ്ങിയതുകൊണ്ട് പാപ്പനംകോട് ബസ്സ് റിപ്പയറൊന്നും നടക്കുന്നില്ലെന്നാണ്. അത് ശരിയല്ല. എഞ്ചിനിയറിംഗ് കോളേജ് അതിന്റെ ഒരു ഭാഗത്ത് ആരംഭിച്ചിട്ടുണ്ടെന്നുള്ളത് ശരിയാണ്. എങ്കിലും പാപ്പനംകോട് വർക്ക്ഷാപ്പ് പഴയതുപോലെ പ്രവർത്തിച്ചുവരികയാണ്.

(8) ആദിവാസികളുടെ കൈവശഭൂമിയിൽ വനവൽക്കരണം നടത്തുന്നതു മൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. എ. കെ. മണി : സർ, എന്റെ നിയോജകമണ്ഡലത്തിൽ വിവിധ ആദിവാസി മേഖലകളിൽ സാമൂഹ്യവനവൽക്കരണത്തിന്റെ പേരിൽ വർഷങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളായി കൈവശംവച്ച് കൃഷിചെയ്തുവരുന്ന ആദിവാസികളുടെ ഭൂമികൾ ഫോറസ്റ്റുകാർ ബലംപ്രയോഗിച്ച് ഏറ്റെടുക്കുകയും വനവൽക്കരണത്തിന്റെ പേരു പറഞ്ഞ് തൈകൾ വച്ചുപിടിപ്പിക്കുകയും ചെയ്യുകയാണ്. ഇതുമൂലം ആദിവാസികൾ വളരെയധികം മാനസികമായി പീഡിപ്പിക്കപ്പെടുകയാണ്. കാടിന്റെ മക്കളായ ആദിവാസി സമുദായത്തിൽപ്പെട്ട വണ്ണാൻ, മുതുമാൻ തുടങ്ങിയ വർഗ്ഗത്തിൽപ്പെട്ടവർ താമസിക്കുന്ന പെറമടിച്ചാൽ, പടിക്കാട്ടൂർ, ഉളുവത്തടം, ഇടമലക്കുടി, ചിന്നപ്പാറക്കുടി, പുറഞ്ഞാട്ടുകുടി, മറയൂർ, കാന്തല്ലൂർ തുടങ്ങിയ പ്രദേശങ്ങളിലുള്ള ആദിവാസി കുടുംബങ്ങൾക്കെതിരായി വനവൽക്കരണത്തിന്റെ പേരിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ തൈവച്ചുപിടിപ്പിക്കുകയാണ്. ഇതിനെത്തുടർന്ന് എല്ലാ രാഷ്ട്രീയ പാർട്ടികളും സി.പി.ഐ. (എം), കോൺഗ്രസ്, ജനതാദൾ ഉൾപ്പെടെയുള്ള പാർട്ടികൾ ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തിയിരിക്കുകയാണ്. സാമൂഹ്യ വനവൽക്കരണത്തിന്റെ പേരിൽ കോടിക്കണക്കിന് രൂപയുടെ വെട്ടിപ്പാണ് ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ നടത്തുന്നത്. മൂന്നാർ ഡിവിഷനിലെ റെയിഞ്ചോഫീസറാണ് ഇത്തരം കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. വനവൽക്കരണത്തിന്റെ പേരിൽ കാട്ടിൽ തീയ് വയ്ക്കുകയും വച്ചുപിടിപ്പിച്ച തൈകൾ നശിപ്പിക്കുകയും അതിന്റെ പേരുപറഞ്ഞ് കോടിക്കണക്കിന് രൂപയുടെ വെട്ടിപ്പ് നടത്തുകയും ചെയ്യുന്നുണ്ട്. ഇത്തരം അഴിമതികൾക്കു കൂട്ടുനിൽക്കുന്ന റെയിഞ്ചോഫീസർക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ പലയാളുകളുമായും ബന്ധമുണ്ടെന്നാണ് അറിയുന്നത്. അതിനാൽ ആദിവാസികൾക്ക് എതിരായി പ്രവർത്തിക്കുന്ന ആ റെയിഞ്ചോഫീസറുടെ പേരിൽ ശക്തമായ നടപടിയുണ്ടാകണം. കോടികൾ വെട്ടിപ്പു നടത്തുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിലും നടപടിയുണ്ടാകണം.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, അവിടെ എനിക്ക് ഏറ്റവും അടുത്ത ആളു് ശ്രീ. മണി തന്നെയാണ്. പ്രത്യേകിച്ച് ആളുകളില്ല. അതുകൊണ്ട് അദ്ദേഹം ഉന്നയിച്ചതു ശരിയല്ല. റെയിഞ്ചോഫീസർമാരുടെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിച്ച് നടപടിയെടുക്കും. പല സ്ഥലത്തും നടപടി എടുത്തുകൊണ്ടിരിക്കുകയാണ്. ഇവിടെ ഉന്നയിച്ച പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം സാമൂഹ്യവനവൽക്കരണ വിഭാഗങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പരിപാലന വനവൽക്കരണവും നൂറു ശതമാനം കേന്ദ്ര സഹായത്തോടുകൂടിയുള്ള വനവൽക്കരണ പരിസ്ഥിതി വികസന പദ്ധതിയും പ്രക്ഷീണ വനങ്ങളിലും ഡീഗ്രേഡ് ഫോറസ്റ്റിലുമായിട്ടാണ് നടപ്പിലാക്കുന്നത്. വനത്തെ പ്രക്ഷീണമാക്കുന്ന ഘടകങ്ങളാണ് കാലിമേച്ചിൽ, തീയ്വയ്പ് എന്നിവ. ഇവയിൽനിന്നും സംരക്ഷണം നൽകാൻ മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങളിലൂടെയും തരിശു ഭൂമികളിൽ തദ്ദേശീയമായ വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ചും വനത്തെ പുനരുദ്ധരിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആദിവാസി സെറ്റിൽമെന്റുകൾക്കെല്ലാം അതിർത്തി നിശ്ചയിച്ചിട്ടുള്ളതാണ്. ആദിവാസികൾക്ക് അർഹതപ്പെട്ട ഭൂമിയിൽ ഈ രണ്ടു പരിപാടികളും നടപ്പാക്കുന്നില്ല. മറിച്ച് ഈ പരിപാടികൾ നടപ്പിലാക്കുന്നതുകൊണ്ട് ആദിവാസികൾക്ക് തൊഴിലവസരങ്ങളും മെച്ചപ്പെട്ട ജീവിതസൗകര്യങ്ങളും ലഭിക്കുന്നുണ്ട്. അടിമാലിക്കടുത്ത് ചാറ്റുപാറ ആദിവാസി കോളനി പ്രദേശത്തുള്ള കുറച്ചു വനഭൂമിക്ക് ഈ സെറ്റിൽമെന്റ് ആദിവാസികൾ അവകാശവാദം ഉന്നയിച്ചിട്ടുണ്ട്. ഈ ഭൂമിയിൽ നിയമപരമായി അവർക്ക് അർഹതയില്ലാത്തതിനാലും പ്രക്ഷീണ വനഭാഗമായതിനാലുമാണ് മേൽപ്പറഞ്ഞ പദ്ധതി അവിടെ നടപ്പിലാക്കുന്നത് എന്നാണ് എനിക്ക് ലഭിച്ചിരിക്കുന്ന റിപ്പോർട്ട്. ഏതായാലും ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്ന കാര്യങ്ങളെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പരിശോധന നടത്തും. ഏതെങ്കിലും ഫോറസ്റ്റ് ഉദ്യോഗസ്ഥൻ ആരുടെയെങ്കിലും സ്വാധീനത്തിനു വിധേയമായിട്ടായാലും അവർ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ ചെയ്യുകയാണെങ്കിൽ അതേപ്പറ്റി അന്വേഷിക്കും. നടപടിയെടുക്കും. ആദിവാസികളെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി രാധാകൃഷ്ണനും ഞാനുമായി ചർച്ച ചെയ്ത് അതു സംബന്ധിച്ച എല്ലാ നടപടികളും സ്വീകരിക്കാനുള്ള തീരുമാനമായിട്ടുണ്ട്. ആദിവാസികളുടെ കാര്യത്തിൽ ഉത്കണ്ഠ വേണ്ട.

(9) കുഴൽമന്ദം നിയോജകമണ്ഡലത്തിലെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കേണ്ടതിനെ സംബന്ധിച്ച്.

<u>ശ്രീ. എം. നാരായണൻ (കുഴൽമന്ദം)</u> : സർ, എന്റെ നിയോജകമണ്ഡലത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന എരിമയൂർ, തരൂർ ഗ്രാമ പഞ്ചായത്തുകളിൽ ഗായത്രി പുഴ സ്രോതസ്സായി കണ്ടു കൊണ്ട് എരുമയൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്കും തരൂർ പഞ്ചായത്തിലെ തരൂർ സെക്കൻഡ് വില്ലേജ് കേന്ദ്രീകരിച്ചും ഒരു ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെന്റിന് നൽകിയിട്ട് വർഷങ്ങളായി. അതുപോലെതന്നെ പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിലെ നടുവത്തുപ്പാറ, കുത്തന്നൂർ പഞ്ചായത്തിലെ തോലന്നൂർ, തരൂർ പഞ്ചായത്തിലെ നെയ്ച്ചൂർ എന്നീ ഊരുകളെ ബന്ധിപ്പിച്ചുകൊണ്ട് ഭാരതപ്പുഴ സ്രോതസ്സാക്കിക്കൊണ്ടുള്ള ഒരു പദ്ധതിക്ക് ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞതാണ്. അതെല്ലാം ഇനി സർക്കാരിന്റെ കനിവ് തേടി കിടക്കുകയാണ്. അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന എന്റെ മണ്ഡലത്തിൽ വലിയ കുടിവെള്ള പദ്ധതികൾ ഒന്നും തന്നെയില്ല. അതുകൊണ്ട് ഈ പദ്ധതികൾ അടിയന്തിരമായി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u>) : സർ, എരിമയൂർ വില്ലേജിലെ 13790 ആളുകൾക്ക് പ്രയോജനം ലഭിക്കുന്ന വിധത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഒരു കുഴൽ കിണറും ഗായത്രി പുഴയും സ്രോതസ്സായ ഈ പദ്ധതിയുടെ മതിപ്പ് ചെലവ് 275 ലക്ഷം രൂപയാണ്. നൂറു ശതമാനവും കേന്ദ്ര സഹായത്തിലാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പാക്കാൻ 97-ലും 98-ലും കൂടിയ എ.ആർ.പി. സാങ്ഷനിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കും അംഗീകാരത്തിനും സമർപ്പിച്ചിരുന്നതാണ്. എന്നാൽ പ്രസ്തുത പദ്ധതി പ്രദേശത്ത് ഒരു ശുദ്ധജലവിതരണ പദ്ധതി ഉള്ളതിനാലും മറ്റ് ആറു വാർഡുകളിലും രാജീവ് ഗാന്ധി സർവേ പ്രകാരം ഭാഗികമായി ജലവിതരണമുള്ളതിനാലും പ്രസ്തുത പദ്ധതിക്കു അംഗീകാരം ലഭിച്ചില്ല. യാതൊരു വിധത്തിലും ശുദ്ധജല വിതരണമില്ലാത്ത വാർഡുകൾക്ക് മുൻതൂക്കം നൽകിയാണ് സാങ്ഷനിംഗ് കമ്മിറ്റി ഈ ശുദ്ധജലവിതരണ പദ്ധതികൾക്ക് അംഗീകാരം നൽകിയിരിക്കുന്നത്. 99-ലെ സാങ്ഷനിംഗ് കമ്മിറ്റിയിലും ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചില്ല. നിലവിലുള്ള വാർഡുകളെല്ലാം ഭാഗീകമായി ജലവിതരണമുള്ള വാർഡുകളായി മാറിയതിനുശേഷമേ ഇതിനു മുൻഗണന ലഭിക്കുകയുള്ളൂ. മുൻഗണനാ ക്രമം അനുസരിച്ചാണ് ഈ പദ്ധതിക്ക് അംഗീകാരം നേടാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. തരൂർ വില്ലേജിലെ പ്രസ്തുത പദ്ധതിയും 100% കേന്ദ്ര സഹായത്തിലാണ് വിഭാവന ചെയ്തിരിക്കുന്നത്. 275 ലക്ഷം രൂപയാണ് ഇതിന്റെ മതിപ്പ് ചെലവ്. പ്രസ്തുത പദ്ധതി 1999-ൽ കൂടിയ സാങ്ഷ

LIBRARY ARCHIVES Kerala Legislative Assembly